# പരിസ്ഥിതി തീരദേശവിഭവകാര്യക്ഷമതാ പദ്ധതി

# എൻവയോൺമെന്റൽ & കോസ്റ്റൽ റിസോഴ്സ് എഫിഷ്യൻസി (എൻകോർ) പദ്ധതി

**സംഗ്രഹം**

## (എ) പദ്ധതി അവലോകനം

എട്ടുവർഷത്തെ ബഹുമുഖ സമീപന പ്രവർത്തനമായാണ് എൻകോർ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ഭാരതത്തിലെ എല്ലാ തീരദേശ സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും സമഗ്ര തീരദേശ പരിപാലന പദ്ധതി ശക്തിപ്പെടുത്തുക യാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

**ഘടകം 1.** വികേന്ദ്രീകൃത തീരദേശ പരിപാലനത്തിനുള്ള ശേഷി കൈവരിക്കുക.

**ഘടകം 2.** തീരപ്രദേശങ്ങളിൽ മെച്ചപ്പെട്ട സംരക്ഷണവും മലിനീകരണ നിയന്ത്രണവും ഏർപ്പെടുത്തുക.

**ഘടകം 3.** പദ്ധതി പരിപാലനം, നിരീക്ഷണം, പദ്ധതി വിലയിരുത്തൽ എന്നിവ.

ഭാരതത്തിൽ 2010 മുതൽ നടപ്പിലാക്കി വരുന്ന സംയോജിത തീരദേശ പരിപാലന പദ്ധതി (ICZMP) പദ്ധതിയാണ് ഇതിന്റെ മുൻഗാമി. ഗുജറാത്ത്, ഒഡീഷ, പശ്ചിമബം ഗാൾ എന്നീ മൂന്ന് തീരദേശ സംസ്ഥാനങ്ങൾ സംയോജിത തീരദേശ പരിപാലന പദ്ധ തിയുടെ ഭാഗമായി സമഗ്ര തീരദേശ പരിപാലന പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. സമഗ്ര തീരദേശ പരിപാലന പദ്ധതി നടപ്പിലാക്കുന്നതിനായി വികേന്ദ്രീകൃത ഭരണത്തി ലധിഷ്ഠിതമായ, സാമൂഹിക പങ്കാളിത്തത്തോട് കൂടിയുള്ള തീരദേശ വികസനവും, കൂടാതെ വിഭവകാര്യക്ഷമതയും വർദ്ധിപ്പിക്കുന്നതിന് ഭാരത സർക്കാരിനെ സഹായി ക്കാൻ എൻകോർ പദ്ധതി ലക്ഷ്യമിടുന്നു. ഒന്നാംഘട്ടത്തിൽ ഇന്ത്യയിലെ എട്ട് (08) തീരദേശ സംസ്ഥാനങ്ങളിലും/മൂന്ന് (03) കേന്ദ്രഭരണ പ്രദേശങ്ങളിലും ആണ് എൻകോർ പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്. ഇതിന്റെ ഒന്നാംഘട്ടത്തിൽ പ്രസ്തുത സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും തിരഞ്ഞെടുത്ത തീരപ്രദേശങ്ങൾക്കായി സമഗ്ര തീരദേശ പരിപാലന പദ്ധതികൾ തയ്യാറാക്കുന്നതാണ്. തീരദേശ മേഖല സംരക്ഷണം, തീരദേശ മേഖലയിലെ മലിനീകരണം തടയൽ, ഉപജീ വനസഹായം എന്നിവക്കുതകുന്ന പ്രാരംഭപദ്ധതികളും എൻകോർ പദ്ധതിയുടെ ഒന്നാംഘട്ടം ലക്ഷ്യമിടുന്നു. ലോക ബാങ്കിന്റെ നിക്ഷേപപദ്ധതി ധനസഹായത്തിൻ കീ ഴിലായാണ് എൻകോർ പദ്ധതിക്കായുള്ള ധനസഹായം അനുവദിക്കുന്നത്. ആയതി നാൽ, അതിന്റെ പ്രവർത്തന നയങ്ങളും ബാങ്ക് നടപടിക്രമങ്ങളും പദ്ധതിക്ക് ബാധക മാണ്.

(ബി) പരിസ്ഥിതിയും സാമൂഹിക പ്രശ്നങ്ങളും

തീരദേശ സംരക്ഷണം, തീരദേശ മലിനീകരണം തടയൽ, തീരദേശ വിഭവങ്ങൾ ഫലപ്രദമായി വിനിയോഗിക്കൽ, സുസ്ഥിര തീരദേശ ഉപജീവനമാർഗ്ഗം ഉറപ്പു വരുത്തൽ എന്നിവ പദ്ധതിയിലൂടെ സാധ്യമാകുമെന്ന് കരുതുന്നു. പാരിസ്ഥിതികവും സാമൂഹികവുമായ ആസൂത്രണത്തിലൂടെ നടപ്പിലാക്കുന്ന ഈ പദ്ധതികൊണ്ട് വലിയ തോതിലുള്ള പാരിസ്ഥിതികമോ സാമൂഹികമോ ആയ പ്രത്യാഘാതങ്ങളൊന്നും ഉണ്ടാകുമെന്ന് കരുതുന്നില്ല. വർദ്ധിച്ചുവരുന്ന പ്രാദേശികതലത്തിൽ ഉള്ള ആഘാതങ്ങൾ അല്ലെങ്കിൽ വലിയ തോതിലുള്ള നിർമ്മാണം/ഓപ്പറേഷൻ ആന്റ് മെയിന്റെനൻസ്, സ്റ്റേജ് ഇംപാക്റ്റുകൾ ലഘൂകരിക്കുന്നതിനുള്ള മാലിന്യ നിർമ്മാർജ്ജനം, തീരദേശ സംരക്ഷണ ഘടനകൾ മുതലായ പ്രവർത്തനങ്ങളുടെ ആവശ്യകത സമഗ്ര തീരദേശ പരിപാലന പദ്ധതികളിൽ നിർദ്ദേശിച്ചാൽ മാത്രമേ നടപ്പാക്കുകയുള്ളു.

ഈ പദ്ധതി ആകെ മൊത്തത്തിൽ പരിസ്ഥിതിക്കു ഗുണകരമാണെങ്കിലും അടിസ്ഥാന സൗകര്യങ്ങളുടെ നിർമ്മാണവും നവീകരണവും, തീരദേശ സംരക്ഷണത്തിനും മലിനീകരണ പ്രതിരോധത്തിനുമുള്ള സൗകര്യങ്ങൾ, ഉപജീവനസഹായ പ്രവർത്തനങ്ങൾ എന്നിവ വേണ്ടത്ര ശ്രദ്ധയില്ലാതെ രൂപകൽപ്പന ചെയ്താൽ മിതമായ തോതിൽ അപകടസാധ്യതകളും പ്രത്യാഘാതങ്ങളും ഉണ്ടാകാൻ ഇടയുണ്ട്. ഈ പ്രശ്നങ്ങൾ വിശദമായ രൂപകൽപ്പനയിലൂടെ ഫലപ്രദമായി കൈകാര്യം ചെയ്യാൻ കഴിയും. എൻകോർ പദ്ധതിയിൽ സ്വകാര്യ ഭൂമി ഏറ്റെടുക്കൽ വിഭാവനം ചെയ്തിട്ടില്ല. കണ്ടൽ കാടുകളുടെ സംരക്ഷണവും ഗ്രാമങ്ങളിലെ അടിസ്ഥാന സൗകര്യവികസനവും പൊതുഭൂമിയിൽ നടപ്പിലാക്കുന്നതാണ്. എല്ലാ ഉപപദ്ധതികൾക്കുമായുള്ള നിക്ഷേപങ്ങളേയോ സ്ഥലത്തേയോ സംബന്ധിച്ച് ഇതുവരെ തീരുമാനിച്ചിട്ടില്ലാത്തതിനാൽ പദ്ധതിക്കു കീഴിലുള്ള പാരിസ്ഥിതികവും സാമൂഹികവുമായ വശങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള ഒരു ചട്ടക്കൂട് ഈ പദ്ധതിയുടെ ദേശീയ പദ്ധതി പരിപാലന ഘടകം ആയ സൊസൈറ്റി ഓഫ് ഇന്റഗ്രേറ്റഡ് കോസ്റ്റൽ മാനേജ്മെന്റ് (SICOM) തയ്യാറാക്കിയിട്ടുണ്ട്.

(സി) പരിസ്ഥിതി സാമൂഹിക പരിപാലന ചട്ടക്കൂട്

എൻകോർ പദ്ധതിക്കായി തയ്യാറാക്കിയിട്ടുള്ള ഈ ചട്ടക്കൂടിൽ ഉപപദ്ധതികളുടെ പാരിസ്ഥിതികവും സാമൂഹികവുമായ പ്രത്യാഘാതങ്ങളെ അംഗീകരിക്കുകയും ആസൂത്രണ വേളയിലും, നിർമ്മാണ പ്രവർത്തനങ്ങൾക്ക് മുൻപും, നിർമ്മാണ ഘട്ടത്തിലും പ്രവർത്തി പരിപാലന ഘട്ടങ്ങളിലും ഇവ വിലയിരുത്തുന്നതിനോ, ഒഴിവാക്കുന്നതിനോ, ലഘൂകരിക്കുന്നതിനോ ആയിട്ടുള്ള നടപടികൾ സമന്വയിപ്പിക്കുന്നു. താഴെ

പറയുന്ന കാര്യങ്ങൾ ഉറപ്പാക്കാൻ പരിസ്ഥിതി സാമൂഹിക പരിപാലന ചട്ടക്കൂട് ലക്ഷ്യമിടുന്നു.

- പ്രോജക്ടിന്റെ തുടക്കത്തിൽ തന്നെ പാരിസ്ഥിതികവും സാമൂഹികവുമായ പ്രതികൂല പ്രത്യാഘാതങ്ങള തിരിച്ചറിയുകയോ, ഒഴിവാക്കുകയോ അല്ലെങ്കിൽ കുറയ്ക്കുകയോ വഴി ഉപപദ്ധതികളുടെ എല്ലാ ഘട്ടങ്ങളിലും പാരിസ്ഥിതികവും സാമൂഹികവുമായ വശങ്ങൾ സംയോജിപ്പിക്കൽ.
- തന്ത്ര പ്രധാനമായ ആസൂത്രണം, രൂപകൽപ്പന, ഉപപദ്ധതികളുടെ നടപ്പാക്കൽ എന്നിവയിലൂടെ പാരിസ്ഥിതികവും സാമൂഹികവുമായ സുസ്ഥിര ഫലങ്ങൾ ഉറപ്പുവരുത്തൽ.
- ശ്രദ്ധാപൂർവ്വമായ ആസൂത്രണത്തിലൂടെയും സുരക്ഷാ രീതികളിലൂടെയും സാംസ്കാരിക - പൈതൃക സ്വത്തുക്കൾ, പ്രകൃതിവാസസ്ഥലങ്ങൾ മുതലായവക്ക് പ്രത്യക്ഷമായോ പരോക്ഷമായോ നേരിട്ടേക്കാവുന്ന പ്രത്യാഘാതങ്ങൾ ഒഴിവാക്കുകയോ/കുറയ്ക്കുകയോ ചെയ്യുക.
- ജനങ്ങളുടെ ഉപജീവനത്തിന്റെയും ജീവിത നിലവാരത്തിന്റെയും സ്ഥിതി മെച്ചപ്പെടുത്തൽ, ഉപജീവനത്തിന്റെയോ സ്വത്തുക്കളുടെയോ നഷ്ടം നികത്തൽ.
- തൊഴിലിടങ്ങളുടെയും, അവയുമായി ബന്ധപ്പെട്ട ധാരണാപത്രത്തിന്റെ പരിപാലനവും, നിരീക്ഷണം/മേൽനോട്ടം സംബന്ധിച്ച പെരുമാറ്റച്ചട്ടം, തൊഴിലിടങ്ങളിലെ ശേഷി വർദ്ധിപ്പിക്കൽ എന്നിവയുൾപ്പെടെ തൊഴിൽ, സാമൂഹികം, ആരോഗ്യം, എന്നീ വിഭാഗങ്ങളുമായി ബന്ധപ്പെട്ട സുരക്ഷാമാനദണ്ഡങ്ങൾ സ്വീകരിക്കുന്നത്.

എൻകോർ പദ്ധതിക്കായുള്ള പരിസ്ഥിതി സാമൂഹിക പരിപാലന ചട്ടക്കൂട് രണ്ട് വാല്യങ്ങളായി അവതരിപ്പിച്ചിരിക്കുന്നു. വാല്യം 1, വാല്യം 2.

<u>(ഡി) പദ്ധതിക്ക് ബാധകമായ പരിസ്ഥിതി നിയന്ത്രണങ്ങൾ</u>

ദേശീയ/സംസ്ഥാന ചട്ടങ്ങൾ, വിവിധ അന്താരാഷ്ട്ര ഉടമ്പടികൾ, ലോക ബാങ്ക് പ്രവർത്തന നയങ്ങൾ എന്നിവ ഈ പദ്ധതിയിൽ പരിഗണിക്കേണ്ടതുണ്ട്. പരിസ്ഥിതി (പരിരക്ഷണം) നിയമം, 1986 ഉൾപ്പെടെയുള്ള നിരവധി ദേശീയ/സംസ്ഥാനതല പരിസ്ഥിതി, സാമൂഹിക നിയമങ്ങൾ എൻകോർ പദ്ധതിക്ക് ബാധകമാകും. തീരദേശ നിയന്ത്രണ മേഖല വിജ്ഞാപനം 2019, വനം (സംരക്ഷണം) നിയമം, 1980, വന്യജീവിസംരക്ഷണ നിയമം 1972, ജൈവവൈവിധ്യ നിയമം 2002, ജലം (മലിനീകരണ നിയന്ത്രണ

വും പ്രതിരോധവും 1974), വായൂമലിനീകരണം (നിയന്ത്രണവും പ്രതിരോധവും) നിയമം 1981, ഖരമാലിന്യ (കൈകാര്യം ചെയ്യൽ) ചട്ടങ്ങൾ 2016, പ്ലാസ്റ്റിക് മാലിന്യ നിർമ്മാർജ്ജന ചട്ടങ്ങൾ 2018, കൺസ്ട്രക്ഷൻ & ഡിമോളിഷൻ വേസ്റ്റ് പരിപാലന ചട്ടങ്ങൾ നിയമങ്ങൾ 2016, തൊഴിൽ നിയമങ്ങൾ, ഭൂമി ഏറ്റെടുക്കൽ, പുനരധിവാസം, പുനരധിവാസ നിയമം 2013 ലെ ന്യായമായ നഷ്ട പരിഹാരത്തിനുള്ള അവകാശം, തെരുവ് കച്ചവടക്കാർ (ഉപജീവന പരിരക്ഷയും തെരുവ് കച്ചവട നിയന്ത്രണവും) നിയമം 2014, എന്നിവ അവയിൽ ചിലതാണ്.

ഈ ബഹുമുഖ പദ്ധതിയുടെ ഒന്നാംഘട്ടത്തിന് ലോകബാങ്കിന്റെ ഇനിപ്പറയുന്ന നയങ്ങൾ ബാധകമാണ്. (എ) പരിസ്ഥിതി വിലയിരുത്തൽ (ഒപി/ബിപി 4.01), (ബി) പ്രകൃതി വാസസ്ഥലങ്ങൾ (ഒപി/ബിപി 4.04), (സി) കീടനിയന്ത്രണം (ഒപി 4.09), (ഡി) വനങ്ങൾ (ഒപി/ബിപി 4.06), (ഇ) ഭൗതിക സാംസ്കാരിക വിഭവങ്ങൾ (ഒപി/ബിപി 4.11), (എഫ്) തദ്ദേശീയ ജനങ്ങളുടെ നയം (ഒപി/ബിപി 4.10), (ജി) സ്വമേധയാ പുനരധിവാസം (ഒപി/ബിപി 4.12), (എച്ച്) ലോക ബാങ്കിന്റെ വെളിപ്പെടു ത്തൽ നയം. എല്ലാ പദ്ധതികൾക്കുമായി ലോകബാങ്ക് ഗ്രൂപ്പ് പരിസ്ഥിതി ആരോഗ്യ സുരക്ഷ മാർഗ്ഗനിർദ്ദേശങ്ങൾ, മാലിന്യ നിർമ്മാർജ്ജന സൗകര്യങ്ങൾ, ജലം, ശുചിത്വം തുടങ്ങിയ ഉപപദ്ധതികൾക്ക് ബാധകമായ വ്യവസായ മേഖലാ മാർഗ്ഗനിർദ്ദേശങ്ങളും പരിസ്ഥിതി സാമൂഹിക പരിപാലന ചട്ടക്കൂട് ശുപാർശ ചെയ്യുന്നു.

## (ഇ) പരിസ്ഥിതി സാമൂഹിക പരിപാലന പ്രക്രീയ

ഉപപദ്ധതികൾ ഉൾപ്പെടുത്തുന്നതിനോ ഒഴിവാക്കുന്നതിനോ തീരുമാനിക്കുന്നതിനായി അവ നടപ്പാക്കേണ്ട പ്രക്രിയയെക്കുറിച്ച് പരിസ്ഥിതി സാമൂഹ്യ പരിപാലന ചട്ടക്കൂട് വി വരിക്കുന്നുണ്ട്. നിർവചിക്കപ്പെട്ട മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കി പദ്ധതികളെ വർഗ്ഗീകരിക്കാനും പൂർണ്ണമായ പാരിസ്ഥിതിക സാമൂഹിക ആഘാതം വിലയിരു ത്തൽ/പാരിസ്ഥിതിക സാമൂഹിക പരിപാലന പദ്ധതികൾ എന്നിവ ഉപയോഗിച്ച് അല്ലെങ്കിൽ ഒരു പൊതുവായ പാരിസ്ഥിതിക-സാമൂഹിക ആഘാതം വിലയിരുത്തൽ ഉപയോഗിച്ച് ഇവ നിയന്ത്രിക്കാനും ഇതിൽ വിശദമായി പറഞ്ഞിരിക്കുന്നു. പദ്ധതിഘ ട്ടങ്ങളിലെ സൂക്ഷ്മപരിശോധന, പദ്ധതിയുടെ വിശാലത, പദ്ധതി വിലയിരുത്തൽ, ലഘൂകരണ നടപടികൾ ഏറ്റെടുക്കുന്നതിനുള്ള പ്രക്രിയ, നടപ്പാക്കേണ്ട ഓഫീസുകൾ, ബജറ്റ് എന്നിവ പരിസ്ഥിതി സാമൂഹ്യ പരിപാലന ചട്ടക്കൂട് വിവരിക്കുന്നു. (i) ഉപപദ്ധതികൾ നടപ്പാക്കുന്ന സംഘടന, (ii) ഉപ പദ്ധതി തയ്യാറാക്കൽ, (iii) നടപ്പാ ക്കിയ ഉപപദ്ധതികളുടെ നിരീക്ഷണവും വിലയിരുത്തലും എന്നീ പ്രക്രീയകളെക്കു റിച്ചും വിശദമായി പരിസ്ഥിതി സാമൂഹിക പരിപാലന ചട്ടക്കൂട് വിവരിക്കുന്നു.

(എഫ്) എൻകോർ പദ്ധതിക്കായിട്ടുള്ള പരിസ്ഥിതി സാമൂഹിക പരിപാലനം

നിക്ഷേപത്തിന്റെ തരം, പ്രവർത്തനം, സ്വഭാവം എന്നിവയെ ആശ്രയിച്ച് നിർദ്ദിഷ്ട ഉപപദ്ധതികൾ പരിസ്ഥിതിയിൽ ചെലുത്തുന്ന വ്യത്യസ്തങ്ങളായ സ്വാധീനം, ആഘാതം എന്നിവ തിരിച്ചറിയുന്നതിനും ലഘൂകരിക്കുന്നതിനുമായി പരിസ്ഥിതി പഠനം ആവശ്യമാണ്. ഈ പഠനത്തിന്റെ വ്യാപ്തി പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്ന പ്രവർത്തനങ്ങളെയും അത് നടപ്പാക്കുവാൻ ഉദ്ദേശിക്കുന്ന പ്രദേശം/സ്ഥലം എന്നിവയെയും ആശ്രയിച്ചിരിക്കുന്നു. ഓരോ ഉപപദ്ധതികളുടെയും ആരംഭത്തിൽ പരിസ്ഥിതി സാമൂഹ്യ പരിപാലന ചട്ടക്കൂടിന്റെ വാല്യം 1 ൽ ഉള്ള സൂക്ഷ്മ പരിശോധനക്കായുള്ള പട്ടിക ഉപയോഗിച്ച് ആദ്യ ഘട്ട പരിശോധന നടത്തും. ഇതിലൂടെ പാരിസ്ഥിതികവും സാമൂഹികവുമായ അടിസ്ഥാന ഘടകങ്ങൾ, പ്രശ്നങ്ങൾ, സാധ്യതയുള്ള പ്രത്യാഘാതങ്ങൾ എന്നിവയെക്കുറിച്ചുള്ള അടിസ്ഥാന വിവരങ്ങൾ ശേഖരിക്കും. സൂക്ഷ്മ പരിശോധനയുടെ അടിസ്ഥാനത്തിൽ തിരഞ്ഞെടുത്ത പദ്ധതികൾ സംസ്ഥാന പദ്ധതി പരിപാലന ഘടകത്തിലെ പരിസ്ഥിതി സാമൂഹിക വിദഗ്ധർ വിശദ പരിശോധനക്ക് ശേഷം പദ്ധതി വർഗ്ഗീകരണം നടത്തും. പാരിസ്ഥിതിക ആഘാതങ്ങളുടെ കാഠിന്യവും വ്യാപ്തിയും അനുസരിച്ച് അവർ ഈ ഉപപദ്ധതികളെ ഇ1, ഇ2, ഇ3 എന്നിങ്ങനെ തരംതിരിക്കും. കൂടാതെ സാമൂഹിക പ്രത്യാഘാതങ്ങളെ അടിസ്ഥാനമാക്കി എസ്1, എസ്2, എസ്3 എന്നും തരം തിരിക്കും. ഇ1 എന്ന് തരംതിരിക്കുന്ന പദ്ധതികൾ ബാങ്ക് ഒപി 4.01 എ വിഭാഗത്തിലെ പദ്ധതികളുടെ ആവശ്യകതകളും ഇ2, ഇ3 പദ്ധതികൾ ബാങ്ക് ഒ പി 4.01 ബി വിഭാഗത്തിലെ പദ്ധതികളുടെ ആവശ്യകതകളും പാലിക്കും. കഠിനമായ പാരിസ്ഥിതിക പ്രത്യാഘാതങ്ങൾ ഉണ്ടാക്കുവാൻ കാരണമായേക്കാവുന്ന പദ്ധതികളാണ് ഇ1 വിഭാഗത്തിൽപ്പെടുന്നത്. ദേശീയ തലത്തിൽ തീരദേശ നിയന്ത്രണ മേഖലാ അനുമതി, പാരിസ്ഥിതിക അനുമതി എന്നിവ ആവശ്യമായേക്കാവുന്ന പദ്ധതികൾ ആണിവ. ഇ2 പദ്ധതികൾ ഇവയെക്കാൾ താരതമ്യേന പാരിസ്ഥിതിക ആഘാതങ്ങൾ കുറവുള്ളവയാണ്. സംസ്ഥാന തലത്തിലെ അനുമതി മാത്രമേ ഇവക്കു ആവശ്യമുള്ളു. ഇ3 വിഭാഗത്തിലെ പദ്ധതികൾ പ്രത്യേകിച്ച് പാരിസ്ഥിതിക ആഘാതങ്ങൾ ഇല്ലാത്തവയാണ്.

പദ്ധതി പ്രദേശങ്ങളുടെ സംവേദനക്ഷമത വർഗ്ഗീകരണത്തിനു പരിഗണിക്കും. ഉപപദ്ധതികളുടെ വിഭാഗം നിർണ്ണയിക്കാൻ വിദഗ്ധർ മതിയായ അനുഭവവും വൈദഗ്ദ്ധ്യവും പ്രയോഗിക്കേണ്ടതായുണ്ട്. ഇ3 മുതൽ ഇ1 വരെയുള്ള വിഭാഗങ്ങളുടെ മുകളിലേക്കും താഴേക്കും ഉള്ള വർഗ്ഗീകരണത്തിന് ഉചിതമായ ന്യായീകരണം സംസ്ഥാനങ്ങൾ ദേശീയ പദ്ധതി പരിപാലന ഘടകത്തിന് നൽകണം. കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന് കീഴിലായുള്ള സൊസൈറ്റി ഓഫ് ഇന്റഗ്രേറ്റഡ് കോസ്റ്റൽ മാനേജ്മെന്റ്

(SICOM) എൻകോർ പദ്ധതിക്കായുള്ള ദേശീയ പദ്ധതി പരിപാലന ഘടകം ആണ്. ഇ1 ഗണത്തിലെ പദ്ധതികൾക്ക് വിശദമായ പാരിസ്ഥിതികാഘാത വിലയിരുത്തൽ ആവശ്യമാണ്. ഇ2 ഗണത്തിലെ പദ്ധതികൾക്ക് ഹ്രസ്വകാല പാരിസ്ഥിതികാഘാത പഠനം മതിയാകും. ഇ3 പദ്ധതികൾക്ക് പൊതു പാരിസ്ഥിതിക സാമൂഹിക പരിപാലന പദ്ധതി മാത്രം മതിയാകും. പരിസ്ഥിതി പരിപാലന പദ്ധതി നടത്തിപ്പിനു ശേഷമുള്ള വിലയിരുത്തലിൽ കാടുകൾ, കായലുകൾ പൈതൃക മേഖലകൾ തുടങ്ങിയ ദുർബല പ്രദേശങ്ങളിൽ പദ്ധതി നടപ്പിലാക്കുമ്പോൾ എടുക്കേണ്ട മുൻകരുതലുകൾ, അതത് പ്രകൃതിക്കനുസ്സരണീയമായ വിധത്തിൽ പദ്ധതികൾ നടപ്പാക്കുവാനുള്ള പാരിസ്ഥിതിക പദ്ധതി നടത്തിപ്പു ചട്ടം എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. ചുവടെപ്പറയുന്ന മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കിയായിരിക്കും ഉപപദ്ധതികളുടെ സാമൂഹിക വർഗ്ഗീകരണം. കഠിനമായ സാമൂഹിക പ്രത്യാഘാതങ്ങളുള്ള പദ്ധതികൾ എസ്1 വിഭാഗത്തിൽ ഉൾപ്പെടും. സ്വകാര്യ ഭൂമി ഏറ്റെടുക്കൽ പദ്ധതി ഉണ്ടെങ്കിൽ (ആളുകൾക്ക് ഉൽപ്പാദന ആസ്തിയുടെ 20% ത്തിൽ കൂടുതൽ നഷ്ടപ്പെടുമെങ്കിൽ) അല്ലെങ്കിൽ പദ്ധതി മൂലം അവർക്കു സ്ഥാനചലനം ഉണ്ടാകുമെങ്കിലും എസ്1 ആയി പരിഗണിക്കും. ഇത്തരം പദ്ധതികൾക്ക് പദ്ധതി രൂപരേഖയോടൊപ്പം സാമൂഹികാഘാത വിലയിരുത്തലും പുന: സ്ഥാപന പദ്ധതി രൂപരേഖയും തയ്യാറാക്കേണ്ടതുണ്ട്. ആഘാതങ്ങൾ 200-ൽ താഴെ വ്യക്തികളിലേക്കോ അല്ലെങ്കിൽ 50 ഓളം കുടുംബങ്ങളിലേക്കോ പരിമിതപ്പെടുത്തിയിട്ടുണ്ടെങ്കിൽ (ഉൽപ്പാദന ആസ്തിയുടെ 20 ശതമാനത്തിൽ താഴെ ആളുകൾക്ക് നഷ്ടപ്പെടുന്നുവെങ്കിൽ.) അവ എസ് 2 വിഭാഗത്തിൽ ഉൾപ്പെടും. ഇത്തരം പദ്ധതികൾക്ക് പദ്ധതി റിപ്പോർട്ടിന്റെ കൂടെ സാമൂഹികാഘാത വിലയിരുത്തലും ഹ്രസ്വകാല പുന: സ്ഥാപന പദ്ധതി രൂപരേഖയും തയ്യാറാക്കേണ്ടതുണ്ട്. സ്വകാര്യ ഭൂമി ഏറ്റെടുക്കലോ, ആളുകൾക്ക് ബുദ്ധിമുട്ടുകളോ നഷ്ടങ്ങളോ ഇല്ലെങ്കിൽ അവ എസ്3 വിഭാഗമായി ആയി പരിഗണിക്കും. ഇത്തരം പദ്ധതികൾക്ക് ഒരു സാമൂഹിക സൂക്ഷ്മ പരിശോധന റിപ്പോർട്ട് മാത്രം തയ്യാറാക്കിയാൽ മതിയാകും. തൊഴിൽ പരിപാലന നടപടി ക്രമങ്ങളെക്കുറിച്ചുള്ള മാർഗ്ഗനിർദ്ദേശവും പരിസ്ഥിതി സാമൂഹ്യ പരിപാലന ചട്ടക്കുട് നൽകുന്നു. ദേശീയ തൊഴിൽ നിയമങ്ങൾ പാലിക്കുന്നതിലൂടെ ആതിഥേയ ജനതയിലും ,
പരിസ്ഥിതിയിലും തൊഴിലാളികളുടെ അധ്വാനത്തിന്റെ വരവുമായി ബന്ധപ്പെട്ട പ്രത്യാഘാതങ്ങൾ കുറയ്ക്കുമെന്ന് മാനേജ്മെന്റ് ചട്ടക്കൂട് ഉറപ്പാക്കുന്നതാണ്. സുരക്ഷിതവും ആരോഗ്യകരവുമായ തൊഴിൽ സാഹചര്യങ്ങളും കുടിയേറ്റ തൊഴിലാളികൾക്ക് സുഖപ്രദമായ അന്തരീക്ഷവും ഇത് ഉറപ്പാക്കും. കരാറുകാർ തന്റെ പരിസ്ഥിതി സാമൂഹ്യ പരിപാലന പദ്ധതിയിൽ ഒരു തൊഴിൽ പരിപാലന പദ്ധതി ഉൾപ്പെടുത്തണം. പ്രസക്തമായ ഉപവാക്യങ്ങൾ ലേല പ്രമാണങ്ങളിൽ ഉൾപ്പെടുത്തുകയും ഉപപദ്ധതിയുടെ പരി

സ്ഥിതി സാമൂഹ്യ പരിപാലന പരിപ്രേക്ഷ്യത്തിൽ വ്യവസ്ഥകൾ ഏർപ്പെടുത്തകയും ചെയ്യും.

(ജി) പുനരധിവാസ പ്രവർത്തന പദ്ധതി

പദ്ധതിയിൽ ഭൂമി ഏറ്റെടുക്കൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ പരിസ്ഥിതി സാമൂഹിക ആഘാത നിർണ്ണയ പ്രകാരം തൃപ്തികരമായ പുനരധിവാസ പദ്ധതി തയ്യാറാക്കി ഇത് രോഗബാധിതരുമായും, പ്രാദേശിക സമൂഹവുമായും പങ്കിടുന്നുവെന്ന് പദ്ധതി ഉറപ്പാക്കും. പദ്ധതി നടപ്പാക്കുമ്പോൾ ഗോത്രവർഗ്ഗപ്രശ്നങ്ങൾക്ക് പ്രത്യേക ശ്രദ്ധ നൽകുക എന്നത് തദ്ദേശീയ ജനത പദ്ധതിയുടെ ഒരു പ്രധാന ലക്ഷ്യമാണ്. പരിസ്ഥിതി സാമൂഹ്യ പരിപാലന ചട്ടക്കൂടിനെ അടിസ്ഥാനമാക്കി തയ്യാറാക്കിയ തദ്ദേശീയ ജനത പദ്ധതി പ്രധാന പങ്കാളികളുമായി ചർച്ച ചെയ്യുകയും, പട്ടിക തിരിച്ച പ്രദേശങ്ങളിൽ ഇത് പൂർണ്ണതോതിൽ സ്വീകരിക്കുകയും ചെയ്യും. ബാധിക്കപ്പെട്ട സമൂഹത്തിന് അവരുടെ ആശങ്കകളും പരാതികളും ഉന്നയിക്കാനും പരാതി പരിഹാര സംവിധാനത്തിലൂടെ അവ പരിഹരിക്കാനും സാധിക്കും. പദ്ധതിയുമായി ബന്ധപ്പെട്ട വിവരങ്ങളും, പ്രസക്തമായ രേഖകളും പൊതുസ്ഥലങ്ങളിലും വെളിപ്പെടുത്തും. സംസ്ഥാന പദ്ധതി പരിപാലന ഘടകവും അനുബന്ധ പദ്ധതി നടപ്പാക്കൽ ഏജൻസികളും സമയബന്ധിതമായി ലഭ്യമാകുന്ന സ്ഥലത്ത്, ബാധിച്ച വ്യക്തികൾക്കും മറ്റ് പങ്കാളികൾക്കും മനസ്സിലാക്കാവുന്ന രൂപത്തിലും ഭാഷകളിലും പ്രസക്തമായ വിവരങ്ങൾ നൽകും.

(എച്ച്) സ്ഥാപനചട്ടക്കൂട്

സമഗ്ര തീരദേശ പരിപാലന പദ്ധതി 2010 മുതൽക്കേ തന്നെ സൈക്കോം (SICOM) ഈ പദ്ധതിയുടെ പാരിസ്ഥിതികവും സാമൂഹികവും ആയ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നു. സംസ്ഥാന പദ്ധതി പരിപാലന ഘടകത്തിന്റെ പദ്ധതി നടത്തിപ്പ് ഏജൻസികൾക്ക് അവയുടെ ഉത്തരവാദിത്തങ്ങൾ വിപുലീകരിക്കേണ്ടതുണ്ട്. തീരദേശ പരിപാലന പദ്ധതികളിൽ ദേശീയ പദ്ധതി പരിപാലന ഘടകത്തിനെ പിന്തുണയ്ക്കാൻ ആയതിന്റെ കീഴിലുള്ള ദേശീയ സമഗ്ര തീരദേശ പരിപാലന ഏജൻസി ഉണ്ട്. ഒരു പ്രത്യേക തീരദേശ നിയന്ത്രണ വിഭാഗം, പരിസ്ഥിതി ആഘാത നിർണ്ണയ വിഭാഗം എന്നിവയോട് കൂടിയതാണ് പ്രസ്തുത ഏജൻസി. സംസ്ഥാന പദ്ധതി പരിപാലന ഘടകത്തിനും, അനുബന്ധ പദ്ധതി നടപ്പാക്കൽ ഏജൻസികൾക്കുമായുള്ള ശേഷി വികസനവും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പദ്ധതികളിൽ പ്രകൃതിദത്ത ആവാസ വ്യവസ്ഥകളോ, വന പുനസ്ഥാപനമോ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ ജൈവവൈവിധ്യ വിദഗ്ധരുടെ സേവനവും ലഭ്യമാകും. ജൈവവൈവിധ്യവും, പരിസ്ഥിതി ആവാസവ്യവസ്ഥകളും മെച്ചപ്പെടുത്തുന്നതിനായി വനം പുനസ്ഥാപനത്തിനുള്ള സാധ്യതകളെ അഭിസംബോധന ചെയ്യുന്നതിനുള്ള മാർഗ്ഗങ്ങൾ പദ്ധതി രൂപകൽപ്പനയിൽ ഉൾക്കൊള്ളിക്കു

ന്നു. പദ്ധതി നടത്തിപ്പുകാർ തയ്യാറാക്കി സമർപ്പിച്ച സൂക്ഷ്മ പരിശോധന മാതൃക അടിസ്ഥാനമാക്കി സംസ്ഥാന പദ്ധതി പരിപാലന ഘടകത്തിലെ പരിസ്ഥിതി സാമൂഹിക പ്രവർത്തകർ വിഭാഗനിർണ്ണയം നടത്തും. വിശദ പദ്ധതി റിപ്പോർട്ട് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് വിദഗ്ദോപദേശം നൽകുന്നവർ സ്വതന്ത്രമായോ, തൽപ്പരകക്ഷികളുമായിട്ടോ കൂടിയാലോചനകൾ നടത്തിയും റിപ്പോർട്ടുകൾ തയ്യാറാക്കും. സംസ്ഥാന പദ്ധതി പരിപാലന ഘടകം ഈ റിപ്പോർട്ടുകൾ അവലോകനത്തിനോ, അംഗീകാരത്തിനോ ആയി ദേശീയ പദ്ധതി പരിപാലന ഘടകത്തിന് അയക്കും. ഇ1/എസ്1 പദ്ധതികൾ ലോകബാങ്കിലേക്ക് അയയ്ക്കും. പ്രാദേശിക ഭാഷയിൽ സാങ്കേതികേതര സംഗ്രഹത്തോടുകൂടിയ പരിസ്ഥിതി സാമൂഹിക പരിപാലന പരിപ്രേക്ഷ്യം, പുനരധിവാസ പ്രവർത്തനം/തദ്ദേശീയ ജനത പദ്ധതികൾ അടങ്ങിയ റിപ്പോർട്ടുകളുള്ള പാരിസ്ഥിതിക സാമൂഹിക ആഘാതം വിലയിരുത്തൽ റിപ്പോർട്ടിന്റെ അന്തിമ പതിപ്പ് സംസ്ഥാന/ദേശീയ പദ്ധതി പരിപാലന ഘടകങ്ങളുടെ സൈറ്റുകളിൽ വെളിപ്പെടുത്തുകയും പ്രദേശ വാസികൾക്ക് എളുപ്പത്തിൽ ലഭ്യമാക്കുകയും ചെയ്യും. ലേല പ്രമാണങ്ങളുടെ ഭാഗമാക്കുകയും ആവശ്യാനുസരണം ഉപപദ്ധതികൾ നടപ്പാക്കുന്ന വേളയിൽ ഇവ പുതുക്കുകയും ചെയ്യും. ബാങ്ക് ധനസഹായം ഇല്ലെങ്കിൽ കൂടെ അനുബന്ധ പ്രവർത്തനങ്ങൾക്കും ഈ പരിസ്ഥിതി സാമൂഹിക പരിപാലന പരിപ്രേക്ഷ്യം ബാധകമാണ്. കൂടാതെ ഇത് ബാങ്ക് മേൽനോട്ടത്തിന് വിധേയമായിരിക്കും.

പ്രോജക്ട് തലം

പ്രോജക്ട് തലത്തിൽ കരാറുകാരന് പരിസ്ഥിതി സാമൂഹിക പരിപാലന പരിപ്രേക്ഷ്യം നടപ്പാക്കാനുള്ള ഉത്തരവാദിത്തമുണ്ട്. മാത്രമല്ല സൈറ്റ് രേഖകൾ സൂക്ഷിക്കുകയും വേണം. സങ്കീർണ്ണമായ പദ്ധതികളുടെ കാര്യത്തിൽ നിയമിതനായ പദ്ധതി നടത്തിപ്പുകാരൻ പരിസ്ഥിതി വിദഗ്ധൻ അല്ലെങ്കിൽ പദ്ധതിക്ക് വിദഗ്ദോപദേശം നൽകുന്നവർക്ക് പദ്ധതി പുരോഗതി സംബന്ധിച്ച് അദ്ദേഹം റിപ്പോർട്ട് ചെയ്യും.

സംസ്ഥാനതലം

സംസ്ഥാനതലത്തിൽ പ്രോജക്ട് ഡയറക്ടറുടെയും, അസിസ്റ്റന്റ് പ്രോജക്ട് ഡയറക്ടറുടെയും നേതൃത്വത്തിലുള്ള സംസ്ഥാന പദ്ധതി പരിപാലന ഘടകം പരിസ്ഥിതി സാമൂഹിക പരിപാലന പരിപ്രേക്ഷ്യം പാലിക്കൽ ഉറപ്പുവരുത്തുന്നതിനും, മാർഗ്ഗനിർദ്ദേശം നൽകുന്നതിനും, രേഖകൾ പരിപാലിക്കുന്നതിനും, പ്രസ്കതമായവ സമർപ്പിക്കുന്നതിനും പദ്ധതി നടത്തിപ്പുകാരെ (നഗര/ഗ്രാമീണ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ/വകുപ്പുകൾ/മറ്റുള്ളവ) ഏകോപിപ്പിക്കുന്നതിന് ഉചിതമായ യോഗ്യതയും പരിചയവുമുള്ള പരിസ്ഥിതി സാമൂഹിക വിദഗ്ധരെ ഉൾക്കൊള്ളുന്നതാകുന്നു.

**ദേശീയതലം**

പ്രോജക്ട് ഡയറക്ടറുടെയും, അസിസ്റ്റന്റ് പ്രോജക്ട് ഡയറക്ടറുടെയും നേതൃത്വത്തിലുള്ള ദേശീയ പദ്ധതി പരിപാലന ഘടകം എൻകോറിന് കീഴിലുള്ള തിരഞ്ഞെടുത്ത കാറ്റഗറി ഇ1, എസ്1, ഇ2, എസ്2 ഉപപദ്ധതികൾ നടപ്പാക്കുന്നതിന് മേല് നോട്ടം വഹിക്കുകയും നിരീക്ഷിക്കുകയും ചെയ്യും. ഈ പരിസ്ഥിതി സാമുഹിക പരിപാലന പരിപ്രേക്ഷ്യം അനുസരിച്ച് പരിസ്ഥിതി, സാമൂഹിക സംരക്ഷണ നോഡൽ ഓഫീസർമാർ അവരുടെ ടീമിന്റെ ഭാഗമാണ്. പദ്ധതി പരിപാലന ഘടകത്തിലെ ജൈവ വൈവിധ്യ വിദഗ്ധരായ ഉദ്യോഗസ്ഥൻ പ്രകൃതി വാസസ്ഥലങ്ങൾ ഉൾപ്പെടുന്ന പദ്ധതികൾ അവലോകനം ചെയ്യുന്നതായിരിക്കും.

**(എച്ച്) ശേഷി വർദ്ധിപ്പിക്കൽ പരിപാടികൾ**

സംസ്ഥാന/ദേശീയ പദ്ധതി പരിപാലന ഘടകങ്ങളുടെ ശേഷി വർദ്ധിപ്പിക്കുന്നതിനായുള്ള പരിശീലന പദ്ധതികൾ, വാർഷിക സംവേദനക്ഷമതാ പരിപാടികൾ, വർക്ക്ഷോപ്പുകൾ, പരിശീലന സ്ഥാപനങ്ങളുമായി ഏകോപിപ്പിച്ച് വിവിധ പ്രദർശന/ സന്ദർശന പരിപാടികൾ എന്നിവ സംഘടിപ്പിക്കും. ലോക ബാങ്ക് പദ്ധതിയിലെ അംഗങ്ങൾ പ്രത്യേകിച്ചും പരിസ്ഥിതി സാമൂഹിക വിദഗ്ധർ സ്ക്രീനിംഗ് നടത്തുന്നതിനെയും ഉപകാരണങ്ങൾ തയ്യാറാക്കുന്നതിനെയും അവലോകനം ചെയ്യുകയും വേണ്ട മാർഗ്ഗനിർദ്ദേശം നൽകുകയും ചെയ്യും. കൂടാതെ സംസ്ഥാന/ദേശീയ പദ്ധതി പരിപാലന ഘടകങ്ങളുടെ വിദഗ്ധർക്ക് ഉചിതമായ പരിശീലനം നൽകുകയും ചെയ്യും.

1) **നീരീക്ഷണവും മേൽനോട്ടവും.**

മേൽനോട്ടം, നിരീക്ഷണം റിപ്പോർട്ടിംഗ് എന്നിവയ്ക്കുള്ള പരിസ്ഥിതി സാമുഹിക പരിപാലന ചട്ടക്കൂടിലെ വ്യവസ്ഥകളിൽ താഴെപ്പറയുന്നവ ഉൾപ്പെടുന്നു.

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട കരാറുകാരൻ പ്രതിമാസ (അല്ലെങ്കിൽ ആവശ്യമുളളപ്പോൾ) പദ്ധതി നടപ്പാക്കൽ റിപ്പോർട്ട് ബന്ധപ്പെട്ട പദ്ധതി നടത്തിപ്പ് ഏജൻസിക്ക് സമർപ്പിക്കും. സംസ്ഥാന പദ്ധതി പരിപാലന ഘടകം പ്രതിമാസം മേലന്വേഷണം നടത്തിയതിന്റെ റിപ്പോർട്ട് ദേശീയ പദ്ധതി പരിപാലന ഘടകത്തിന് സമർപ്പിക്കുന്നു. ദേശീയ പദ്ധതി പരിപാലന ഘടകം ലോകബാങ്കിന് ത്രൈമാസ റിപ്പോർട്ട് സമർപ്പിക്കും. ഇത് കൂടാതെ പൊതുസ്വഭാവമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ, ഗുണനിലവാരം ഉറപ്പുവരുത്തുന്നത് സംബന്ധിച്ച് വിദഗ്ദോപദേശം നൽകുന്നവർ മുതലായവ നിരീക്ഷിക്കുന്നതിനായി ദേശീയ പദ്ധതി പരിപാലന ഘടകം വാർഷിക കണക്കുപരിശോധനകൾ നടത്തും. ആയതിന്റെ കരട് റിപ്പോർട്ട് ലോകബാങ്കിലേക്ക് കൈമാറും. ഇവയ്ക്ക് അംഗീകാരം ലഭിച്ചതിന് ശേഷം അന്തിമ കണക്കുപരിശോധനകൾ സംബ

ന്ധിച്ച വിശദറിപ്പോർട്ട് വെളിപ്പെടുത്തുകയും അതിലെ നിർദ്ദേശങ്ങൾ പാലിക്കുന്നത് ഉറപ്പാക്കുകയും ചെയ്യും.

(ഐ) പരിസ്ഥിതി സാമൂഹിക പരിപാലന ചട്ടക്കൂട് നടപ്പാക്കാനുള്ള ബജറ്റ്

പരിസ്ഥിതി സാമൂഹിക പരിപാലന ചട്ടക്കൂടിന്റെ ഭാഗമായി നിർദ്ദേശിച്ചിട്ടുള്ള പാരിസ്ഥിതിക, സാമൂഹിക മാനേജ്മെന്റ് നടപടികൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് വ്യക്തിഗത ഉപപദ്ധതികൾക്കായി വിശദ പദ്ധതി റിപ്പോർട്ടിൽ ആവശ്യമായ ബജറ്റ് വ്യവസ്ഥകൾ ഏർപ്പെടുത്തും. ഓരോ പദ്ധതികളുടെയും താൽക്കാലിക ബജറ്റിൽ മികച്ച എഞ്ചിനീയറിംഗ് രീതികളും പരിസ്ഥിതി പുനരധിവാസ നിരീക്ഷണ ചെലവും, പരിസ്ഥിതി മാനേജുമെന്റ് ചെലവുകളും ഉൾപ്പെടുത്തും. ഇത് സാധ്യമല്ലാത്ത പക്ഷം പരിസ്ഥിതി സാമൂഹിക പരിപാലന പരിപ്രേക്ഷ്യം നടപ്പിലാക്കുന്നതിന് ഉപപദ്ധതി ചെലവിന്റെ കുറഞ്ഞത് 2 ശതമാനം നീക്കിവയ്ക്കേണ്ടതുണ്ട്. കൂടാതെ ലോക ബാങ്കിന്റെ ലേലം സംബന്ധിച്ച രേഖകളിൽ പരിസ്ഥിതി-സുമൂഹിക ആരോഗ്യം, സുരക്ഷ വ്യവസ്ഥകൾ ഉൾപ്പെടുത്തേണ്ടത് ആവശ്യമാണ്.

പരിസ്ഥിതി സാമൂഹിക പരിപാലന ചട്ടക്കൂട് നടപ്പിലാക്കാൻ ഏകദേശ ചെലവ് കണക്കാക്കുന്നത് 170 കോടി രൂപയാണ് (23.4 ദശലക്ഷം യു എസ് ഡോളർ). മൊത്തം പദ്ധതി ചെലവിന്റെ 6.5 ശതമാനം ആണിത്. വിശദമായ പദ്ധതി തുക സംബന്ധിച്ച വിശദാംശങ്ങളിൽ ഇതിനു ആവശ്യമായ ചെലവുകൾ കൂടി ഉൾപ്പെടുത്തും. പരിസ്ഥിതി സാമൂഹിക പരിപാലന ചട്ടക്കൂട് നവീകരിക്കുമ്പോൾ പദ്ധതി തുക സംബന്ധിച്ച വിശദാംശങ്ങൾ കൂടി നവീകരിക്കുകയും പരിസ്ഥിതി സാമൂഹിക പരിപാലന പരിപ്രേക്ഷ്യം നടപ്പിലാക്കുന്നതിനുള്ള അനുബന്ധചെലവ്, അതുപോലെ തന്നെ ജീവനക്കാർ, കരാറുകാർ, മറ്റുള്ളവർ എന്നീ വിഭാഗങ്ങൾക്കുള്ള പരിശീലനവും പദ്ധതി ബജറ്റിലേക്ക് സംയോജിപ്പിച്ചിട്ടുണ്ട്. എല്ലാ ജോലി സംബന്ധിച്ച കരാറുകളിലും പരിസ്ഥിതി സാമൂഹിക പരിപാലന പരിപ്രേക്ഷ്യം ഉൾപ്പെടുമെന്ന് നിർദ്ദിഷ്ട പദ്ധതികൾ ഉറപ്പാക്കും. കൂടാതെ പരിസ്ഥിതി സാമൂഹിക പരിപാലന പരിപ്രേക്ഷ്യം നടപ്പിലാക്കുന്നതിനുള്ള ചെലവ് അളവുകൾ സംബന്ധിച്ച കണക്ക് വിവരച്ചീട്ടിൽ ഒരു ഇനമായി ഉൾപ്പെടുത്തും.

(ജെ). സബ് പ്രോജക്ട് തയ്യാറാക്കലും നടപ്പാക്കലും കൺസൾട്ടേഷനും

ഉപപദ്ധതി തയ്യാറാക്കുമ്പോൾ പ്രാഥമിക ഗുണഭോക്താക്കൾക്കും പങ്കാളികൾക്കും പുറമേ പ്രാദേശിക സ്ഥാപനങ്ങൾ, സർക്കാരിതര സംഘടനകൾ, പൊതുജനങ്ങൾ എന്നിവരുമായി കൂടിയാലോചിക്കുകയും പരിസ്ഥിതി, സാമൂഹിക വശങ്ങളെക്കുറിച്ചുള്ള അവരുടെ അഭിപ്രായം ചർച്ചചെയ്യുകയും ഉചിതമായി പരിഗണിക്കുകയും ചെയ്യും.

ഉപപദ്ധതിയുടെ രൂപകൽപ്പനയിൽ പദ്ധതി പ്രദേശത്തും തദ്ദേശ സ്വയംഭരണ സ്ഥാപന ങ്ങളിലും ദ്വിവാർഷിക കൺസൾട്ടേഷൻ വർക്ക്ഷോപ്പുകൾ നടത്തും. ഇവയുടെ വിശ ദാംശങ്ങൾ പദ്ധതി നിരീക്ഷണം/മേൽനോട്ടം എന്നിവയുമായി ബന്ധപ്പെട്ട വെബ് സൈറ്റുകളിലും ലഭ്യമാക്കണം.

**(കെ) പരിസ്ഥിതി സാമൂഹിക പരിപാലന ചട്ടക്കൂടിന്റെ കൺസൾട്ടേഷനും വെളിപ്പെടുത്തലും**

2019 ഫെബ്രുവരി മുതൽ മാർച്ച് വരെയുള്ള കാലത്തു നടത്തിയ യോഗങ്ങളിൽ പരി സ്ഥിതി സാമൂഹിക പരിപാലന ചട്ടക്കൂടിന്റെയും അതിന്റെ ഉള്ളടക്കത്തിന്റെയും ആവ ശ്യകത സംസ്ഥാനങ്ങളോട് അവതരിപ്പിച്ചു. ഉപപദ്ധതികൾ, അവയുടെ പാരിസ്ഥിതിക, സാമൂഹിക വശങ്ങൾ എന്നിവയെക്കുറിച്ച് സൈകോം (SICOM) സംസ്ഥാന പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകളുമായി ചർച്ചകൾ നടത്തി. 2019 ജൂൺ മാസത്തിൽ സൈകോം (SICOM) അവരുടെ വെബ്സൈറ്റിലും ദേശീയ സുസ്ഥിര തീരദേശ പരിപാ ലന കേന്ദ്രം അവരുടെ വെബ്സൈറ്റിലും കരട് പരിസ്ഥിതി സാമൂഹിക പരിപാലന ചട്ട ക്കൂട് വെളിപ്പെടുത്തി; അഭിപ്രായങ്ങൾ നൽകാൻ ബന്ധപ്പെട്ടവരോടും പൊതുജനങ്ങ ളോടും അഭ്യർത്ഥിച്ച പ്രമാണത്തിന്റെ പകർപ്പുകൾ അവരുടെ ഓഫീസുകളിലും സംസ്ഥാന പദ്ധതി പരിപാലന ഘടകങ്ങളിലും റഫറൻസിനായി ലഭ്യമാണ്. കരട് പരി സ്ഥിതി സാമൂഹിക പരിപാലന ചട്ടക്കൂട് ലോകബാങ്ക് അവലോകനം ചെയ്യുകയും 2019 ഓഗസ്റ്റ് 1 ന് ബാധകമായ നടപടിക്രമങ്ങൾ പാലിച്ച് ലോകബാങ്കിന്റെ ആന്തരിക രേഖ ഘടകം ഇവ വെളിപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. വിവിധ സംസ്ഥാനങ്ങളിൽ പരി സ്ഥിതി സാമൂഹിക പരിപാലന ചട്ടക്കൂടിന്റെ കരട് ബന്ധപ്പെട്ടവർക്ക് സമർപ്പിക്കുകയും ദേശീയതലത്തിലുള്ള വർക്ക്ഷോപ്പുകൾ, മീറ്റിംഗുകൾ എന്നിവ നട ത്തുകയും, 2019 മെയ് മുതൽ ജൂൺ വരെ നടന്ന ചർച്ചകളിൽ നിന്നുരുത്തിരിഞ്ഞ എല്ലാ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഉചിതമായി ഉൾപ്പെടുത്തുകയും ചെയ്തി ട്ടുണ്ട്. ദേശീയതല വിദഗ്ധ ചർച്ചകൾക്ക് പുറമേ സംസ്ഥാനതല വിദഗ്ധ ചർച്ചകളും നടത്തി സംസ്ഥാന സ്ഥാപനങ്ങളിൽ നിന്നും വിവിധ പങ്കാളികളിൽ നിന്നും ലഭിച്ച അഭിപ്രായങ്ങളും പരിസ്ഥിതി സാമൂഹിക പരിപാലന ചട്ടക്കൂടിൽ ഉൾപ്പെടുത്തിയിട്ടു ണ്ട്. വിശാലമായ ചർച്ചകൾക്കായി പരിസ്ഥിതി സാമൂഹിക പരിപാലന ചട്ടക്കൂടിന്റെ സംഗ്രഹം ഹിന്ദിയിലേക്കും സംസ്ഥാനങ്ങളുടെ പ്രാദേശിക ഭാഷകളിലേക്കും വിവർത്തനം ചെയ്യുകയും ദേശീയ/സംസ്ഥാന പദ്ധതി പരിപാലന ഘടകങ്ങളുടെ വെബ് സൈറ്റുകളിൽ വെളിപ്പെടുത്തുകയും ചെയ്തു. തൽപ്പരകക്ഷികളുടെ അന്തിമ വിദഗ്ധ ചർച്ചകളുടെ പ്രധാന ഫലങ്ങൾ ഇനിപ്പറയുന്നവയാണ്.

ദേശീയതലത്തിൽ പരിസ്ഥിതി സാമൂഹിക പരിപാലന ചട്ടക്കൂട് നടപ്പിലാക്കാൻ ബന്ധപ്പെട്ടവർ സന്നദ്ധത പ്രകടിപ്പിച്ചു. പദ്ധതി ഇടപെടുലകൾ നടപ്പിലാക്കുന്നത് ഒരു സമൂഹത്തിലെയും അംഗത്തെയും കഴിയുന്നിടത്തോളം സ്ഥാന ഭ്രഷ്ടരാക്കില്ലെന്ന് ഉറപ്പാക്കാൻ ബന്ധപ്പെട്ടവർ സമ്മതിച്ചു. പദ്ധതികളുടെ നടപ്പാക്കലും പരിസ്ഥിതി സാമൂഹിക പരിപാലന ചട്ടക്കൂട് മൂലവും തീരദേശ പരിസ്ഥിതിക്ക് ഒരു ദോഷവും സംഭവിക്കില്ലെന്ന് ഉറപ്പുവരുത്തും. ഈ നടപടികൾ സമുദായത്തിന്റെ (പ്രത്യേകിച്ച് തീരപ്രദേശത്തെ ആശ്രയിക്കുന്ന മത്സ്യത്തൊഴിലാളികളുടെ) ജീവിതവും ഉപജീവിതവും വർദ്ധിപ്പിക്കും. നിർദ്ദിഷ്ട ഇടപെടലുകളെക്കുറിച്ച് സമൂഹത്തെ ബോധവാന്മാരാക്കുകയും സാധ്യമാകുന്നിടത്തെല്ലാം നടത്തിപ്പിൽ പങ്കാളികളാക്കുകയും ചെയ്യും. കമ്മ്യൂണിറ്റി അംഗങ്ങൾക്ക് പരിശീലനം നൽകി അവരെ ഇതിൽ പങ്കാളികളാക്കും

## (എൽ) പരിസ്ഥിതി സാമൂഹിക പരിപാലന ചട്ടക്കുട് പ്രകടന സൂചനകങ്ങൾ

പരിസ്ഥിതി സാമൂഹിക പരിപാലന ചട്ടക്കൂട് വിജയകരമായി നടപ്പിലാക്കുന്നതിനായി നിരീക്ഷിക്കേണ്ട പ്രധാന പ്രകടന സൂചനകങ്ങൾ ഇനിപ്പറയുന്നവയാണ്. സമയബന്ധിതമായി പരിസ്ഥിതി സാമൂഹിക പരിപാലന പരിപ്രേക്ഷ്യവും (മറ്റ് സാമൂഹിക ഉപകരണങ്ങളും) തയ്യാറാക്കലും നടത്തിപ്പും, നിർമ്മാണ ഘട്ടത്തിൽ ഉണ്ടാകുന്ന അപകടങ്ങളുടെ എണ്ണം കുറയ്ക്കൽ, റെഗുലേറ്ററി ആവശ്യകതകളും അനുമതികളും, സന്നദ്ധരായ പ്രാദേശിക തൊഴിലാളികൾക്ക് തൊഴിൽ അവസരം, ലോകബാങ്ക് ഗ്രൂപ്പ് മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് തൊഴിൽ പരിപാലന മാനദണ്ഡങ്ങൾ, നിശ്ചയിക്കപ്പെട്ട സമയത്തിനുള്ളിൽ കൈകാര്യം ചെയ്യുന്ന പരാതികളുടെ എണ്ണം, പദ്ധതി വിവരങ്ങളുടെ വെളിപ്പെടുത്തലും പദ്ധതിയെക്കുറിച്ച് വിവരണങ്ങൾ ഉൾപ്പെട്ടിരിക്കുന്ന സ്ഥലങ്ങളും/വെബ്സൈറ്റുകളും എന്നിവയാണിത്.

## (എം) ഉപസംഹാരം

രണ്ട് വാല്യങ്ങളിലായി (വാല്യം 1, 2) അവതരിപ്പിച്ചിരിക്കുന്ന എൻകോറിനായുള്ള പരിസ്ഥിതി സാമൂഹിക പരിപാലന പരിപ്രേക്ഷ്യ പ്രമാണം പാരിസ്ഥിതികവും സാമൂഹികവുമായ വശങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള മാർഗ്ഗനിർദ്ദേശ രേഖയായി പ്രവർത്തിക്കും. ഇത് ഒരു ജീവനുള്ള രേഖയാണ് ആയതിനാൽ ഇത് ആവശ്യമെങ്കിൽ ബാങ്കിന്റെ കൂടിയാലോചനകൾ, അംഗീകാരം, വെളിപ്പെടുത്തൽ എന്നിവ പിന്തുടർന്നു നവീകരിക്കുകയും ചെയ്യാം.

***************************